# Information Technology
# Sample Questions
# Std 10 : Malayalam Medium

**വിഭാഗം 1 : ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുക.**

1. ചുവടെ നൽകിയിരിക്കുന്നവയിൽ ചിത്ര ഫയൽഫോർമാറ്റ് ഏതാണ് ?

Answer Options :

A. dv

B. mpeg

C. png

D. flv

Answer : C. png

2. ഒരു svg ചിത്രത്തെ ജിമ്പ് സോഫ്റ്റ്‌വെയറിൽ വലിയ കാൻവാസിലേക്ക് ഉൾപ്പെടുത്തിയാൽ ചിത്രത്തിന്റെ വ്യക്തതയ്ക്ക് എന്താണ് സംഭവിക്കുക ?

Answer Options :

A. വ്യക്തത നഷ്ടപ്പെടും

B. വ്യക്തത നഷ്ടപ്പെടുന്നില്ല

C. വ്യക്തത കൂടുന്നു.

D. വ്യക്തത വളരെയധികം കൂടുന്നു.

Answer : B. വ്യക്തത നഷ്ടപ്പെടുന്നില്ല

3. വേഡ്പ്രോസസർ ഡോക്യുമെന്റിലെ ശീർഷകങ്ങളുടേയുംഉപശീർഷകങ്ങളുടേയും ഏത് പ്രത്യേകത തിരിച്ചറിഞ്ഞാണ് കമ്പ്യൂട്ടർ അവയെ ഉള്ളടക്കപട്ടിക (Index Table)യിൽ ഉൾപ്പെടുത്തുന്നത് ?

Answer Options:

A. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും നിറം (color)

B. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും വലുപ്പം (size)

C. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും സ്റ്റൈൽ (style)

D. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും ഇൻഡന്റ് (Indent)

Correct Answer:

C. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും സ്റ്റൈൽ (style)

4. വെബ്പേജുകൾ തയാറാക്കുമ്പോൾ html ടാഗുകളുടേയും ആട്രിബ്യൂട്ടുകളുടെയും ആവർത്തിച്ചുള്ള ഉപയോഗം ഒഴിവാക്കാൻ ഉപയോഗിക്കുന്ന സങ്കേതം ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏത് ?

Answer Options

A. കാസ്കേഡിങ് സ്റ്റൈൽ ഷീറ്റുകൾ

B. വെബ്കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം

C. html എഡിറ്ററുകൾ

D. ടെക്സ്റ്റ് എഡിറ്ററുകൾ

Correct Answer:

A. കാസ്കേഡിങ് സ്റ്റൈൽ ഷീറ്റുകൾ

5. കാസ്കേഡിങ് സ്റ്റൈലുകൾ തയാറാക്കുമ്പോൾ ഒരു ടാഗിന്റെ പേരിന് ശേഷം അതിന്റെ സവിശേഷതകൾ ചുവടെ കൊടുത്തിട്ടുള്ള ഏത് ചിഹ്നങ്ങൾക്കുള്ളിലാണ് ഉൾപ്പെടുത്തുക ?

Answer Options

A. [ ]

B. < >

C. { }

D. ( )

Correct Answer:

C. { }

6. പൈത്തൺ ഗ്രാഫിക്സിൽ ഒരു പ്രോഗ്രാം തയാറാക്കുമ്പോൾ ഒന്നാമതായി നൽകേണ്ട നിർദ്ദേശം താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് ?

Options

A for i in range (4):

B begin_fill()

C from turtle import*

D right()

Correct Answer: C from turtle import*

7. പൈത്തൺ ഗ്രാഫിക്സ് പ്രോഗ്രാമിൽ right(90) എന്ന നിർദ്ദേശം സൂചിപ്പിക്കുന്നതെന്തിന് ?

Answer Options

A turtle, $90^0$ വലത്തേക്ക് തിരിയാൻ

B 90 യൂണിറ്റ് നീളത്തിൽ വര വരയ്ക്കാൻ

C 90 യൂണിറ്റ് ആരമുള്ള വൃത്തം വരയ്ക്കാൻ

D 90 യൂണിറ്റ് അകലത്തിൽ ഒരു ബിന്ദു അടയാളപ്പെടുത്താൻ

Correct Answer: A turtle, $90^0$ വലത്തേക്ക് തിരിയാൻ

8. പൈത്തൺ പ്രോഗ്രാമിങ്ങ് ഭാഷയിൽ ജ്യാമിതീയ രൂപങ്ങൾ തയാറാക്കാൻ സഹായിക്കുന്ന അനുബന്ധ സോഫ്റ്റ്‌വെയർ ഏത്?

Answer Options

A turtle

B import

C Inkscape

D QGIS

Correct Answer:

A turtle

9. ഒരു സ്കൂളിലെ കലോൽസവ വിജയികളുടെ പട്ടിക ഒരു ഡാറ്റാബേസിലുണ്ട്. ഇതുപയോഗിച്ച് കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ വേഡ്പ്രോസസ്സറിൽ തയ്യാറാക്കണം. നൽകിയിരിക്കുന്നതിൽ ഏതു സങ്കേതമാണ് ഇതിന് അനുയോജ്യം?

Answer Options:

A. മെയിൽ മെർജ്

B. മെയിൽ അറ്റാച്ച്

C. ഡാറ്റാബേസ് ക്വറി

D. എക്സ്പോർട്ട് പിഡിഎഫ്

Correct Answer:

A. മെയിൽ മെർജ്

10. ഒരു ഡോക്യുമെന്റിലെ ഉള്ളടക്കപ്പട്ടികയിൽ മൗസ് പോയിന്റർ എത്തിച്ചാൽ ചുവടെ നൽകിയിരിക്കുന്നതിൽ ഏത് സന്ദേശമാണ് ദൃശ്യമാവുക ?

Answer Options:

A. Shift-Click to follow link

B. Ctrl - Click to follow link

C. Alt - Click to follow link

D. Esc - Click to follow link

Correct Answer:

B. Ctrl - Click to follow link

11. ചുവടെ നൽകിയിരിക്കുന്നവയിൽ സ്വതന്ത്ര വെക്ടർ ഇമേജ് എഡിറ്റിങ്ങ് സോഫ്റ്റ്‌വെയർ ഏത് ?

Answer Options :

A. ജിമ്പ്

B. കാർബൺ

C. കോറൽ ഡ്രോ

D. ഇങ്ക്സ്കേപ്പ്

Answer

D. ഇങ്ക്സ്കേപ്പ്

12. കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിക്കാനുപയോഗിക്കുന്ന കേബിളാണ് UTP കേബിളുകൾ. ഇവയിൽ എത്ര കേബിളുകളുണ്ട്?

Answer Options :

A 4

B 12

C 8

D 2

Answer

C 8

13. ഏത് ഉപകരണത്തെ മോഡവുമായി ബന്ധിപ്പിക്കുന്നതിനാണ് സാധാരണയായി RJ 11 കണക്ടർ ഉപയോഗിക്കുന്നത്?

Answer Options :

A മോഡം

B സ്വിച്ച്

C കമ്പ്യൂട്ടർ

D ടെലിഫോൺ

Answer

D ടെലിഫോൺ

14. ഒരു പ്രദേശത്തെ വിവിധ മാസങ്ങളിലെ രാത്രി ദൈർഘ്യം കണ്ടെത്തണം. ഇതിന് ചുവടെ നൽകിയിരിക്കുന്നതിൽ ഏത് സോഫ്റ്റ്വെയറാണ് അനുയോജ്യം?

Answer Options

A Inkscape

B Qgis


C Sunclock

D GeoGebra

Correct Answer :

C Sunclock

15. നൽകിയിരിക്കുന്ന Sunclock സോഫ്റ്റ്വെയറിലെ ക്ലോക്ക് & മാപ്പ് ജാലകത്തിന്റെ ചിത്രം വിശകലനം ചെയ്ത് ചുവടെ കൊടുത്തിട്ടുള്ളവയിൽ നിന്നും ഏറ്റവും അനുയോജ്യമായ പ്രസ്താവന കണ്ടെത്തുക.



Answer Options

A ദക്ഷിണാർധഗോളത്തിൽ പകലിന്റെ ദൈർഘ്യം കൂടുതലാണ്

B ഉത്തരാർധഗോളത്തിൽ രാത്രിയുടെ ദൈർഘ്യം കൂടുതലാണ്


C ഉത്തര-ദക്ഷിണാർധ ഗോളങ്ങളിൽ രാത്രി-പകൽ ദൈർഘ്യം തുല്യമാണ്

D ഉത്തര-ദക്ഷിണാർധ ഗോളങ്ങളിൽ രാത്രി-പകൽ ദൈർഘ്യം തുല്യമല്ല.

Answer :

C ഉത്തര-ദക്ഷിണാർധ ഗോളങ്ങളിൽ രാത്രി-പകൽ തുല്യമാണ്

16. നൽകിയിരിക്കുന്ന Sunclock സോഫ്റ്റ്‌വെയറിലെ ക്ലോക്ക് & മാപ്പ് ജാലകത്തിന്റെ ചിത്രം വിശകലനം ചെയ്ത് ചുവടെ കൊടുത്തിട്ടുള്ളവയിലെ ശരിയായ പ്രസ്താവന കണ്ടെത്തുക.



Answer Options

A ദക്ഷിണാർധഗോളത്തിൽ രാത്രിയുടെ ദൈർഘ്യം കുറവാണ്

B ഉത്തരാർധഗോളത്തിൽ രാത്രിയുടെ ദൈർഘ്യം കുറവാണ്

C ഉത്തര-ദക്ഷിണാർധ ഗോളങ്ങളിൽ രാത്രി-പകൽ ദൈർഘ്യം തുല്യമാണ്

D ദക്ഷിണാർധഗോളത്തിൽ പകലിന്റെ ദൈർഘ്യം കുറവാണ്

Correct Answer :

A ദക്ഷിണാർധഗോളത്തിൽ രാത്രിയുടെ ദൈർഘ്യം കുറവാണ്

17. ഇന്റർനെറ്റിൽ പ്രവർത്തിക്കുന്ന വിവിധ സേവന സംവിധാനങ്ങളെ കുറിച്ച് താഴെ പറയുന്നവയിൽ ഏറ്റവും ശരിയായത് ഏതാണ് ?

Answer Options

A ഹയർസെക്കന്ററി പ്രവേശനത്തിനുള്ള ഓൺലൈൻ സംവിധാനമാണ് www.hscap.kerala.gov.in

B www.google.com എന്നത് ഒരു നവ സാമൂഹിക മാധ്യമമാണ്.

C ഇന്റർനെറ്റിൽ പ്രവർത്തിക്കുന്ന ഒരു തിരച്ചിൽ സംവിധാനമാണ് www.olam.com

D www.wiktionary.org എന്നത് മലയാളം വിക്കിപീഡിയയുടെ ഇമെയിൽ വിലാസമാണ്.

Correct Answer

A ഹയർസെക്കന്ററി പ്രവേശനത്തിനുള്ള ഓൺലൈൻ സംവിധാനമാണ് www.hscap.kerala.gov.in

18. താഴെ നൽകിയിരിക്കുന്നവയിൽ ഏതാണ് നാം തയ്യാറാക്കുന്ന ചലച്ചിത്രങ്ങൾ പങ്കുവെക്കാൻ സഹായിക്കുന്ന ഒരു വെബ്സൈറ്റ് ?

Answer Options

A) വിമിയോ

B) വിക്ഷ്ണറി

C) വേർഡ്പ്രസ്സ്

D) ഗൂഗിൾ

Correct Answer

A) വിമിയോ

19. ഒരു ഡാറ്റാബേസിന്റ ഭാഗമായി എത്ര പട്ടികകൾ (Table) ഉൾപ്പെടുത്തുവാൻ സാധിക്കും?

Answer Options

A. ഒരെണ്ണം മാത്രം

B. രണ്ടോ അതിലധികമോ

C. പരമാവധി മൂന്ന്

D. നിരവധി

Correct Answer

D. നിരവധി

20. ലിബർ ഓഫീസ് ബേസിൽ ലഭ്യമല്ലാത്ത സൗകര്യം ചുവടെ നൽകിയവയിൽ ഏത് ?

Answer Options

A. Tables

B. Queries

C. Forms

D. Tweening

Correct Answer:

D. Tweening

21. ലിബർ ഓഫീസ് ബേസിൽ ഫോമിന് (Forms) വ്യത്യസ്ത ലേഔട്ടുകൾ നല്കുന്നതിനായി തിരഞ്ഞെടുക്കേണ്ടത് ഏത്?

Answer Options

A. Use Wizard to Create Form

B. Fields in the Form

C. Arrange Controls

D. Apply Styles

Correct Answer:

C. Arrange Controls

22. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ആനിമേഷൻ നിർമിക്കുന്നതിനുപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ?

Answer Options

A LibreOffice Writer

B LibreOffice Calc

C Synfig Studio

D Quantum GIS

Correct Answer: C Synfig Studio

23. ചുവടെ നൽകിയിരിക്കുന്ന അനിമേഷൻ സോഫ്റ്റ്‌വെയറുകളിൽ ഒന്ന് സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് . അത് ഏത് ?

Answer Options

A Adobe Flash

B Pencil

C Anim Studio

D ToonBoom

Correct Answer: B Pencil

24. ചാൾസ് ബബേജ് നിർമിക്കാൻ ശ്രമിച്ച, ലോകത്തിലെ ആദ്യ കമ്പ്യൂട്ടർ എന്ന് അറിയപ്പെടുന്ന യന്ത്രത്തിന്റെ പേര് എന്താണ് ?

Answer Options

A അനലിറ്റിക് എഞ്ചിൻ

B യുനിക്സ്

C ഏനിയാക്

D ബിഎസ്ഡി

Answer

A അനലിറ്റിക് എഞ്ചിൻ

25. പ്രവർത്തനക്ഷമമായതും ആധുനിക കമ്പ്യൂട്ടറിന്റെ ആശയങ്ങളെല്ലാം ഉൾക്കൊള്ളിച്ച് നിർമിക്കപ്പെട്ടതുമായ ആദ്യ കമ്പ്യൂട്ടർ ഏതാണ് ?

Answer Options

A ഏനിയാക്

B യുനിക്സ്

C ബിഎസ്ഡി

D അനലിറ്റിക് എഞ്ചിൻ

Answer

A ഏനിയാക്

26. യുനിക്സ് എന്ന ഓപറേറ്റിങ് സിസ്റ്റം ആദ്യമായി തയാറാക്കിയത് താഴെ പറയുന്നവയിൽ ഏത് സ്ഥാപനമാണ് ?

Answer Options

A അമേരിക്കയിലെ ബെൽ ലബോറട്ടറി

B അമേരിക്കയിലെ കാലിഫോർണിയ യൂണിവേഴ്സിറ്റി

C ആപ്പിൾ കോർപറേഷന്റെ കമ്പ്യൂട്ടർ നിർമാണശാല

D ഗ്നു പ്രോജക്റ്റിന്റെ കമ്പ്യൂട്ടർ നിർമാണശാല

Answer

A അമേരിക്കയിലെ ബെൽ ലബോറട്ടറി

27. Synfig Studio സോഫ്റ്റ്‌വെയറിലെ ഒരു ടൂളിന്റെ ചിത്രമാണ് നൽകിയിരിക്കുന്നത് . ഏതാണ് ഈ ടൂൾ ?



Answer Options

A Transform Tool

B SmoothMove Tool

C Fill Tool

D Gradient Tool

Correct Answer: B SmoothMove Tool

28. ഇന്റർനെറ്റ് ഉപയോഗിച്ച് പ്രാവർത്തികമാക്കാവുന്ന ചില കാര്യങ്ങൾ താഴെ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ ഏറ്റവും ശരിയായ പ്രസ്താവന ഏതാണ് ?

Answer Options

A ഇന്റർനെറ്റ്, ഇ-മെയിലുകൾ അയക്കുന്നതി നായി ഉപയോഗിക്കുന്നതാണ്

B ഡിജിറ്റൽ രൂപത്തിലുള്ള വിവരങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുന്നതിനായി ഇന്റർനെറ്റ് ഉപയോഗിക്കുന്നു.

C വിദൂരദേശങ്ങളിൽ താമസിക്കുന്നവരുമായികണ്ടു സംസാരിക്കുന്നതിന് ഇന്റർനെറ്റ് ഉപയോഗിക്കുന്നു.

D ഇവയെല്ലാം ഇന്റർനെറ്റ് ഉപയോഗിച്ച് സാധിക്കും.

Correct Answer:

A ഇവയെല്ലാം ഇന്റർനെറ്റ് ഉപയോഗിച്ച് സാധിക്കും

29. വിവരങ്ങൾ പരസ്പരം കൈമാറത്തക്ക വിധത്തിൽ കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന സംവിധാനത്തിന്റെ പേരെന്ത്?

Answer Options

A. കമ്പ്യൂട്ടർ നെറ്റ്‌വർക്കിങ്

B. ബ്ലോഗ്

C. ഫയൽസിസ്റ്റം

D. ഓപ്പറേറ്റിങ് സിസ്റ്റം

Correct Answer:

A. കമ്പ്യൂട്ടർ നെറ്റ്‌വർക്കിങ്

## വിഭാഗം 2 : ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുക.

1. ചുവടെ നൽകിയിരിക്കുന്നവയിൽ ചിത്ര ഫയൽഫോർമാറ്റ് ഏതെല്ലാം ?

Answer Options :

A. jpeg

B. mpeg

C. svg

D. flv

E. mp4

Answer : A. jpeg

C. svg

2. റാസ്റ്റർ ചിത്ര ഫയലുകളെക്കുറിച്ച് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ശരിയായ രണ്ടെണ്ണം തിരഞ്ഞെടുക്കുക.

Answer Options

A Inkscape ൽ തയാറാക്കുന്ന ചിത്രങ്ങൾ റാസ്റ്റർ ചിത്രങ്ങളായിരിക്കും.

B ജിമ്പ് സോഫ്റ്റ്‌വെയറിൽ തയാറാക്കുന്ന ചിത്രങ്ങൾ റാസ്റ്റർ ചിത്രങ്ങളായിരിക്കും.

C റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തതനഷ്ടപ്പെടുന്നു

D റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത വർദ്ധിക്കുന്നു.

E റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തതനഷ്ടപ്പെടുന്നില്ല.

Answer

B ജിമ്പ് സോഫ്റ്റ്‌വെയറിൽ തയാറാക്കുന്ന ചിത്രങ്ങൾ റാസ്റ്റർ ചിത്രങ്ങളായിരിക്കും.

C റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തതനഷ്ടപ്പെടുന്നു

3. വേഡ് പ്രോസസർ ഡോക്യുമെന്റിലെ ഒരു വാചകം സെലക്ട് ചെയ്ത് Apply Style Box ലെ Heading 1 എന്ന സ്റ്റൈൽ നൽകി. ഇതുമൂലം ഡോക്യുമെന്റിൽ ഉണ്ടാവുന്ന മാറ്റങ്ങൾ എന്തൊക്കെ?

Answer Options

A. ഡോക്യുമെന്റിലെ എല്ലാ വാചകങ്ങളും Heading1 ആയി മാറ്റപ്പെടുന്നു.

B. Heading1 സ്റ്റൈൽ പ്രയോഗിച്ച വാചകം Header ആയി മനസ്സിലാക്കുന്നു.

C. Heading1 സ്റ്റൈൽ പ്രയോഗിച്ച വാചകം Heading ആയി മനസ്സിലാക്കുന്നു.

D. സ്റ്റൈൽ നൽകിയ വാചകത്തിന് Heading1 ൽ നിർവചിച്ചിരിക്കുന്ന ഫോർമാറ്റുകൾ ലഭ്യമാകുന്നു.

E. സ്റ്റൈൽ നൽകിയ വാചകത്തിന് Header ആകാനുള്ള ഫോർമാറ്റുകൾ ലഭ്യമാകുന്നു.

Correct Answer:

C. Heading 1 സ്റ്റൈൽ പ്രയോഗിച്ച വാചകം Heading ആയി മനസ്സിലാക്കുന്നു.

D. സ്റ്റൈൽ നൽകിയ വാചകത്തിന് Heading 1 ൽ നിർവചിച്ചിരിക്കുന്ന ഫോർമാറ്റുകൾ ലഭ്യമാകുന്നു.

4. മെയിൽ മെർജ് സങ്കേതം പ്രയോഗിക്കാൻ ആവശ്യമായ രണ്ട് കാര്യങ്ങൾ താഴെപറയുന്നവയിൽ ഏതൊക്കെയാണ് ?

Answer Options:

A. തയാറാക്കിയ കത്തോ മറ്റു സമാനഡോക്യുമെന്റുകളോ

B. LiberOffice Impress എന്ന സോഫ്റ്റ്‌വെയർ

C. നെറ്റ്‌വർക്ക് ചെയ്ത രണ്ടോ അതിലധികമോ കമ്പ്യൂട്ടറുകൾ

D. മേൽവിലാസങ്ങളോ സമാന വിവരങ്ങളോ അടങ്ങിയ പട്ടിക

E. മോഡം, സ്വിച്ച് തുടങ്ങിയ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള ഉപകരണങ്ങൾ

Correct Answer:

A. തയാറാക്കിയ കത്തോ മറ്റു സമാന ഡോക്യുമെന്റുകളോ

D. മേൽവിലാസങ്ങളോ സമാന വിവരങ്ങളോ അടങ്ങിയ പട്ടിക

5. വെബ്പേജ് നിർമാണത്തിൽ കാസ്കേഡിങ് സ്റ്റൈലുകൾ ഉൾപ്പെടുത്തുമ്പോൾ ഉപയോഗിക്കാവുന്ന ശരിയായ നിർദേശങ്ങൾ താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെല്ലാം ?

Answer Options

A. body{background:#abcdef;}

B. body{back-color=#abcdef;}

C. body{bgcolor:#abcdef}

D, h2{color:#42413C;}

E. h2{colour=#42413C}

Correct Answers :

A. body{background:#abcdef;}

D. h2{color:#42413C;}

6. വെബ്പേജ് നിർമാണത്തിന് ഉപയോഗിക്കുന്ന കാസ്കേഡിങ് സ്റ്റൈലുകളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

Answer Options

A. വെബ്പേജിന്റെ ഉള്ളടക്കത്തെ ആകർഷ കമാക്കാൻ ഉപയോഗിച്ചിരിക്കുന്ന മാർജിനുകൾ, ഫോണ്ടുകൾ, നിറങ്ങൾ തുടങ്ങിയ നിർവചനങ്ങളെ സ്റ്റൈൽ എന്ന് പറയുന്നു.

B. ഒരു വെബ്പേജിലെ ടേബിളുകളുടെ ഉള്ളടക്കത്തെ സ്റ്റൈൽ എന്ന് പറയുന്നു.

C. ഒരു വെബ്പേജിലെ പാരഗ്രാഫുകളെ സ്റ്റൈൽ എന്ന് പറയുന്നു.

D. വേഡ് പ്രോസസറിൽ തയാറാക്കുന്ന ഒരു ഡോക്യുമെന്റ് എങ്ങനെ പ്രിന്റ് ചെയ്യണം എന്നത് പ്രതിപാദിക്കുകയാണ് കാസ്കേഡിങ് സ്റ്റൈൽ ഷീറ്റിന്റെ ധർമ്മം.

E. Mark-up ഭാഷയിൽ തയാറാക്കുന്ന ഒരു പേജ് എങ്ങനെ ദൃശ്യമാക്കണമെന്നത് പ്രതിപാദിക്കുകയാണ് കാസ്കേഡിങ് സ്റ്റൈൽ ഷീറ്റിന്റെ ധർമ്മം .

Correct Answers :

A. വെബ്പേജിന്റെ ഉള്ളടക്കത്തെ ആകർഷകമാക്കാൻ ഉപയോഗിച്ചിരിക്കുന്ന മാർജിനുകൾ, ഫോണ്ടുകൾ, നിറങ്ങൾ തുടങ്ങിയ നിർവചനങ്ങളെ സ്റ്റൈൽ എന്ന് പറയുന്നു.

E. Mark-up ഭാഷയിൽ തയാറാക്കുന്ന ഒരു പേജ് എങ്ങനെ ദൃശ്യമാക്കണമെന്നത് പ്രതിപാദിക്കുകയാണ് കാസ്കേഡിങ് സ്റ്റൈൽ ഷീറ്റിന്റെ ധർമ്മം .

7. പൈത്തൺ ഭാഷയിലുള്ള പ്രോഗ്രാമുകൾ ടൈപ്പ് ചെയ്ത് പ്രവർത്തിപ്പിക്കാൻ സഹായിക്കുന്ന Integrated Development Environment (IDE) കൾ ഏതെല്ലാം ?

Answer Options

A. Java

B. CPP

C. Turtle

D. Geany

E. IDLE

Ans:

D. Geany

E. IDLE

8. ചില പൈത്തൺ നിർദ്ദശങ്ങളാണ് താഴെ തന്നിട്ടുള്ളത്. ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ഉപയോഗിച്ച് 100 യൂണിറ്റ് നീളമുള്ള ഒരു വര വരക്കാൻ കഴിയും?

Answer Options

A. right(100)

B. line(100)

C. forward(100)

D. rt(100)

E. fd(100)

Ans:

C. forward(100)

E. fd(100)

9. ഒരു നെറ്റ്‌വർക്കിലുള്ള കമ്പ്യൂട്ടറുകൾ തമ്മിലുള്ള വിവരക്കൈമാറ്റം നിയന്ത്രിക്കുന്നതിനുള്ള രണ്ട് ഉപകരണങ്ങൾ ചുവടെ തന്നിരിക്കുന്നവയിൽ ഏതെല്ലാം?

Answer Options

A. പ്രിന്റർ

B. ഹബ്

C. കണക്റ്റർ

D. സ്വിച്ച്

E. സ്കാനർ

Correct Answer:

B. ഹബ്

D. സ്വിച്ച്

10. ഒരു നെറ്റ്‌വർക്കിൽ കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിക്കാനുപയോഗിക്കുന്ന UTP കേബിളിലെ വയറുകളിൽ കാണപ്പെടാത്ത നിറം ഏത്

Answer Options

A. ഓറഞ്ച്

B. നീല

C. പച്ച

D. കറുപ്പ്

E. മഞ്ഞ

Correct Answer:

D. കറുപ്പ്

E. മഞ്ഞ

11. ഒരു ഭൂപടം ക്യൂജിസ് സോഫ്റ്റ്‌വെയറിൽ തുറന്നു. ഇതിൽ പുതിയതായി നിർമിച്ച ലെയറിലേക്ക് വിവരങ്ങൾ ചേർക്കുന്നതിനുള്ള ശരിയായ പ്രവർത്തനക്രമം ഏതെല്ലാം?

Answer Options

A ലെയർ സെലക്ട് ചെയ്ത് Toggle Editing ക്ലിക്ക് ചെയ്യുക

B ലെയർ സെലക്ട് ചെയ്ത് Buffer(s) ക്ലിക്ക് ചെയ്യുക

C ലെയർ സെലക്ട് ചെയ്ത് Move Feature ക്ലിക്ക് ചെയ്യുക

D Add Feature ടൂൾ ഉപയോഗിച്ച് രേഖപ്പെടുത്തേണ്ട സ്ഥലത്ത് ക്ലിക്ക് ചെയ്ത് വിവരങ്ങൾ നൽകി OK നൽകുക.

E Select Feature ടൂൾ ഉപയോഗിച്ച് രേഖപ്പെടുത്തേണ്ട സ്ഥലത്ത് ക്ലിക്ക് ചെയ്ത് വിവരങ്ങൾ നല്കി OK നല്കുക.

Answer :

A ലെയർ സെലക്റ്റ് ചെയ്ത് Toggle Editing ക്ലിക്ക് ചെയ്യുക

D Add Feature ടൂൾ ഉപയോഗിച്ച് രേഖപ്പെടുത്തേണ്ട സ്ഥലത്ത് ക്ലിക്ക് ചെയ്ത് വിവരങ്ങൾ നല്കി OK നല്കുക.

12. സൺക്ലോക്ക് സോഫ്റ്റ്‌വെയറിലെ ടോഗിൾ നൈറ്റ് (N), ടോഗിൾ സൺ/മൂൺ (Y) എന്നിവയെ സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായ രണ്ടെണ്ണം കണ്ടെത്തുക.

Answer Options

A ടോഗിൾ നൈറ്റ് (N) : സമയം മുന്നോട്ടും പുറകോട്ടും ക്രമീകരിക്കുന്നതിന്

B ടോഗിൾ സൺ/മൂൺ (Y) : സൂര്യനേയും ചന്ദ്രനേയും ദൃശ്യമാക്കാനും അദൃശ്യമാക്കാനും.

C ടോഗിൾ നൈറ്റ് (N) : രാത്രിയുടേയും പകലിന്റേയും വേർതിരിവ് കാണാനും ഒഴിവാക്കാനും

D ടോഗിൾ സൺ/മൂൺ (Y) : രാത്രിയുടേയും പകലിന്റേയും വേർതിരിവ് ദൃശ്യമാക്കാനും അദൃശ്യമാക്കാനും

E ടോഗിൾ നൈറ്റ് (N) : സൂര്യനേയും ചന്ദ്രനേയും കാണാനും ഒഴിവാക്കാനും

Correct Answer:

B ടോഗിൾ സൺ/മൂൺ (Y) : സൂര്യനേയും ചന്ദ്രനേയും ദൃശ്യമാക്കാനും അദൃശ്യമാക്കാനും.

C ടോഗിൾ നൈറ്റ് (N) : രാത്രിയുടേയും പകലിന്റേയും വേർതിരിവ് കാണാനും ഒഴിവാക്കാനും

13. ചുവടെ കൊടുത്തിട്ടുള്ളവയിൽ നവസാമൂഹികമാധ്യമങ്ങൾ (Social media) ഏതെല്ലാം ?

Answer Options:

A. ഗൂഗിൾ

B. ഫേസ്ബുക്ക്

C. വിക്കിപീഡിയ

D. ട്വിറ്റർ

E. യാഹൂ

Correct Answers:

B. ഫേസ്ബുക്ക്

D. ട്വിറ്റർ

14. ലിബർ ഓഫീസ് ബേസിൽ ഒരു ഡാറ്റാബേസ് ഫയൽ തുറക്കുമ്പോൾ ജാലകത്തിൽ ദൃശ്യമാവുന്ന രണ്ട് പാനലുകൾ ചുവടെ നല്കിയിരിക്കുന്നവയിൽ നിന്നും തെരഞ്ഞെടുക്കുക.

Answer Options

A. ഡെസ്ക്ക്ടോപ് പാനൽ

B. വർക്ക് ഷീറ്റ് പാനൽ

C. ടോപ്പ് പാനൽ

D. ടാസ്ക്ക് പാനൽ

E. ഡാറ്റാബേസ് പാനൽ

Correct Answer: .

D. ടാസ്ക്ക് പാനൽ

E. ഡാറ്റാബേസ് പാനൽ

15. ലിബർഓഫീസ് ബേസിൽ സംഖ്യാരൂപത്തിലുള്ള വിവരം രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കാവുന്ന ഫീൽഡ് ടൈപ്പുകൾ ഏതൊക്കെയാണ് ?

Answer Options

A. Date [DATE]

B. Number[NUMERIC]

C. Text[VARCHAR]

D. Text [VARCHAR_IGNORECASE]

E. Decimal[DECIMAL]

Correct Answer: …..

B. Number[NUMERIC]

E. Decimal[DECIMAL]

16. Synfig Studio ടൂൾ ബോക്സിലുള്ള രണ്ട് ടൂളുകൾ ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

Answer Options

A Fill Tool

B Edit paths by nodes

C Draw bezier curves and straight lines

D Transform Tool

E Draw calligraphic or strokes

Answer

A Fill Tool

D Transform Tool

17. Synfig Studio സോഫ്റ്റ്‌വെയറിലെ Transform Tool ന്റെ ചിത്രമാണ് നൽകിയിരിക്കുന്നത്. ഇതിന്റെ രണ്ട് ഉപയോഗങ്ങൾ കണ്ടെത്തുക.



Answer Options

A ചതുരാകൃതിയിലുള്ള ഒബ്ജക്റ്റ് ഉണ്ടാക്കാൻ

B വൃത്താകൃതിയിലുള്ള ഒബ്ജക്റ്റ് ഉണ്ടാക്കാൻ

C ഒബ്ജക്റ്റുകൾ സെലക്റ്റ് ചെയ്യാനും അതിന്റെ ഹാന്റിലുകളെ നിയന്ത്രിക്കാനും

D രണ്ടോ അതിലധികമോ വർണങ്ങൾ ലയിപ്പിക്കാൻ

E ഒബ്ജക്റ്റുകളുടെ വലുപ്പം ക്രമീകരിക്കാൻ

Correct Answer:

C ഒബ്ജക്റ്റുകൾ സെലക്റ്റ് ചെയ്യാനും അതിന്റെ ഹാന്റിലുകളെ നിയന്ത്രിക്കാനും

E ഒബ്ജക്റ്റുകളുടെ വലുപ്പം ക്രമീകരിക്കാൻ

18. ചുവടെ നൽകിയതിൽനിന്നും ഗ്നു / ലിനക്സ് ഓപറേറ്റിങ് സിസ്റ്റം പ്രവർത്തിക്കുന്നതിന് ഏറ്റവും അനുയോജ്യമായ രണ്ട് ഫയൽ സിസ്റ്റങ്ങൾ തിരഞ്ഞെടുക്കുക.

Answer Options

A Ext3

B Ext4

C FAT32

D HPFS

D NTFS

Correct Answers:

A Ext3

B Ext4

19. ഒരു സാധാരണ ഓപറേറ്റിങ് സിസ്റ്റത്തിന് പ്രവർത്തനതലത്തിൽ ഉണ്ടാകാറുള്ള രണ്ട് ഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നവയിൽനിന്ന് തിരഞ്ഞടുക്കുക.

Answer options:

A കേർണൽ

B GNU

C സ്വാപ്

D XNU

E ഷെൽ

Correct Answers:

A കേർണൽ

E ഷെൽ

20. നാം നിർമിച്ച ചലച്ചിത്രങ്ങൾ ഇന്റർനെറ്റിൽ പങ്കുവെക്കാൻ സഹായിക്കുന്ന വെബ്സൈറ്റുകൾ ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതെല്ലാം ?

Answer Options:

A. wiktionary.org

B. wikimapia.org

C. youtube.com

D. vimeo.com

E. yahoo.com

Correct Answers:

C. youtube.com

D. vimeo.com